# കേരള നിയമസഭാ നടപടികൾ

## പത്താം കേ രള നിയമസഭ

### പത്താം സമ്മേളനം

1999 ഏപ്രിൽ 12, തിങ്കൾ

വാല്യം 107] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 1999 ഏപ്രിൽ മാസം 12-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ..... ഓർഡർ, .....

**1 (*285) ഉൾനാടൻമത്സ്യബന്ധനത്തിനു ഏകീകൃത നിയമം**

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. യു.എസ്. ശശി :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധനത്തിന് ഒരു ഏകീകൃത നിയമം ഇപ്പോഴുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരത്തിൽ ഒരു നിയമനിർമ്മാണം നടത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ,

(എ) സംസ്ഥാനത്ത് ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധനത്തിന് ഒരു ഏകീകൃത നിയമം ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) വ്യക്തമാക്കാം. ഇപ്പോൾ ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ ഇൻഡ്യൻ ഫിഷറീസ് ആക്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്ത ഇൻഡ്യൻ ഫിഷറീസ്- മദ്രാസ് അമെന്റ്മെന്റ് ആക്ടും (1897) തിരുവിതാംകൂർ കൊച്ചി ഫിഷറീസ് ആക്ടും (1950) ആണ് നിലവിലുള്ളത്. ഈ ആക്ടുകളിൽ പോരായ്മകൾ ഉള്ളതിനാൽ ഭരണപരമായ തടസ്സങ്ങൾ ഉണ്ടാകാറുണ്ട്. അതു കൊണ്ട് ഇവയെ ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു ഏകീകൃത ഉൾനാടൻ മത്സ്യ ബന്ധന കരട് ബിൽ തയ്യാറാക്കി കഴിഞ്ഞു. നിയമവകുപ്പിന്റെ പ്രാഥമിക പരി ശോധനയും കഴിഞ്ഞു. ഫിനാൻഷ്യൽ മെമ്മോറാണ്ടം തയ്യാറാക്കിവരുന്നു.

<u>ശ്രീ. പി.എസ്. സുപാൽ</u> : സർ, കടൽ മേഖലയിൽ മത്സ്യസംരക്ഷണ നിയമം നടപ്പാക്കുന്നതിനു ഗവണ്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടു ണ്ടെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : കടൽ മേഖലയിൽ ഇപ്പോൾ കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ട് നിലവിലുണ്ട്. ഈ നിയമം നടപ്പാ ക്കുവാൻ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഒരു എസ്.പി., ഒരു ഡിവൈ.എസ്.പി., മൂന്ന് സർക്കിൾ ഇൻസ്പെക്ടർ, ആറ് സബ് ഇൻസ്പെക്ടർമാർ, ആറ് ഹെഡ് കോൺസ്റ്റബിൾസ്, 84 പോലീസുകാർ എന്നിവരും ഫിഷറീസ് ഉദ്യോഗസ്ഥന്മാർ, 5 അസിസ്റ്റന്റ് ഡയറക്ടർമാർ മറ്റ് ഉദ്യോഗസ്ഥന്മാർ എന്നിവരും വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, അഴീ ക്കൽ എന്നിവിടങ്ങളിൽ ഫിഷറീസ് സ്റ്റേഷനുകളും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 5 പട്രോൾ ബോട്ടുകൾ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ ജീവന ക്കാരുണ്ട്. കടൽ മേഖലകളിൽ അനധികൃത മത്സ്യബന്ധനവും രാത്രികാല ട്രോളിംഗും നിരോധിക്കുന്നുണ്ട്. ഇവയൊക്കെ നടപ്പാക്കുവാൻ ശ്രമിക്കുന്നുണ്ട്. സംസ്ഥാന ഗവണ്മെന്റിനു 22 കിലോമീറ്റർ സമുദ്ര അതിർത്തിവരെ അധികാര മുണ്ട്. 10 കിലോമീറ്റർ ദൂരം വരെ മാത്രമേ പരമ്പരാഗത മത്സ്യബന്ധനത്തിനു ഉപയോഗിക്കാവൂ എന്ന് നിയമത്തിൽ വ്യവസ്ഥയുണ്ട്.

<u>ശ്രീ. പി.എസ്. സുപാൽ</u> : ധാരാളം ചൂഷണമുള്ള ഒരു മേഖലയാണിത്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് യഥാർത്ഥ മത്സ്യത്തൊഴിലാളികളെയും ഉപഭോക്താക്കളെയും രക്ഷിക്കുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : കടൽ മേഖലയിൽ സ്വീകരിച്ച നടപടി യാണ് ഞാൻ മുമ്പ് പറഞ്ഞത്. കായൽ മേഖലയിൽ മതിയായ സംരക്ഷണം നൽകുന്നതിനാവശ്യമായ നിയമനിർമ്മാണ നടപടികൾ എടുത്തിട്ടുണ്ടെന്നുള്ള കാര്യവും ഞാൻ ഇവിടെ പറഞ്ഞു. ആ നിയമനിർമ്മാണം പൂർത്തിയായിക്കഴി ഞ്ഞാൽ കടൽ മേഖല എന്നപോലെ തന്നെ കായൽ മേഖലയിലും സംരക്ഷി ക്കുവാൻ നടപടികൾ സ്വീകരിക്കുവാൻ കഴിയും. തിരു-കൊച്ചി ഭാഗത്ത് 1959 -ലെ തിരു-കൊച്ചി ബ്രിട്ടീഷ് ആക്ടും മലബാർ ഭാഗത്ത് 1897-ലെ മദ്രാസ് അമെന്റ്മെന്റ് ആക്ടുമാണ് നിലവിലുള്ളത്. തിരു-കൊച്ചിയിൽ ഊന്നി വലയും ചീനവലയും സ്ഥാവരജംഗമ വസ്തുക്കളാണ്. എന്നാൽ മലബാർ ഭാഗത്ത് ഓരോ വർഷവും ഇവയ്ക്ക് ലൈസൻസ് പുതുക്കി നൽകുന്നു. ചെമ്മീൻ വാറ്റ് തിരു-കൊച്ചി നിയമത്തിൽ ഉൾപ്പെടുത്തി ലൈസൻസ് നൽകുന്നു. മലബാർ ആക്ടിൽ ചെമ്മീൻ വാറ്റിനു വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ല. പിഴ വ്യവസ്ഥ കളിൽ രണ്ട് നിയമത്തിലും വ്യത്യാസം കാണാം. ലൈസൻസ് ഫീസിന്റെ കാര്യത്തിലും രണ്ട് നിയമങ്ങളിലും വ്യത്യാസമുണ്ട്. ഈ പ്രധാന കാരണങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളാലാണ് രണ്ട് നിയമങ്ങളും സംയോജിപ്പിക്കേണ്ടതാണെന്ന ആവശ്യം വന്നിട്ടുള്ളത്. കരട് ബിൽ തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് ഏകദേശ രൂപം നൽകിക്കഴിഞ്ഞു. ഫിനാൻഷ്യൽ മെമ്മോറാണ്ടം തയ്യാറാക്കിവരുന്നു. നിലവിലുള്ള പിഴ വ്യവസ്ഥ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. ഇതിനു വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. തിരു-കൊച്ചി വ്യവസ്ഥ ചെയ്യുന്ന സ്ഥാവരജംഗമവസ്തുക്കളെ സംബന്ധിച്ച വ്യവസ്ഥയും മലബാർ ആക്ടിലെ ലൈസൻസ് സംബന്ധിച്ച വ്യവസ്ഥയും പുന:ക്രമീകരണം ചെയ്യേണ്ടതുണ്ട്. ഈ കാര്യത്തിൽ നിയമവകുപ്പുമായി ബന്ധപ്പെട്ട് കൂടുതൽ വിശദമായ പരിശോധന ആവശ്യമാണ്. ചെമ്മീൻ കൃഷി നിയന്ത്രണവ്യവസ്ഥകൾ പാലിക്കുന്നതിനു രൂപീകൃതമായിട്ടുള്ള ദേശീയ അക്വാകൾച്ചർ അതോറിറ്റിയുടെ നിബന്ധനകൾ ബില്ലിൽ ഭാഗമാക്കേണ്ടതുണ്ട്. ഇതും പരിശോധിക്കേണ്ടതാണ്. തീരദേശ പരിപാലന നിയമത്തിലെ വ്യവസ്ഥകൾ നിർദ്ദിഷ്ട ബില്ലിൽ ഉൾക്കൊള്ളിക്കേണ്ട ആവശ്യമുണ്ട്. ഇപ്രകാരമുള്ള നിരവധി വിശദാംശം സൂക്ഷ്മമായി പഠിച്ച് ബില്ലിലും ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിലും ഉൾക്കൊള്ളിക്കുവാൻ ആവശ്യമായ നടപടികൾക്ക് കാലതാമസം ഉണ്ടായി.

<u>ശ്രീ. യു.എസ്. ശശി</u> : ആഴക്കടൽ മത്സ്യബന്ധന നയം പരിശോധിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവണ്മെന്റ് മുരാരി കമ്മീഷൻ നിയമിക്കുകയുണ്ടായി, കമ്മീഷന്റെ ശുപാർശകൾ നടപ്പാക്കുവാൻ സംസ്ഥാന ഗവണ്മെന്റ് കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : കമ്മീഷന്റെ നിബന്ധനകൾ നടപ്പാക്കുവാൻ ആവശ്യമായിട്ടുള്ള നടപടികളിൽ ഒരു ഭാഗം ഇപ്പോൾ കേന്ദ്രഗവണ്മെന്റിൽ നിന്ന് ഉണ്ടായിട്ടുണ്ട്. അതായത് പുതിയ ലൈസൻസ് കൊടുക്കുകയില്ല എന്നുള്ളത്. പക്ഷേ ഫലത്തിൽ പഴയ ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന കപ്പലുകൾ നിർബാധം പ്രവർത്തിച്ചുവരികയാണ്. അതുകൊണ്ട് പ്രയോജനവുമില്ല. പുതിയ ലൈസൻസ് കൊടുക്കുവാൻ പാടില്ല എന്നതുപോലെ പഴയ ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന കപ്പലുകൾ പ്രവർത്തിപ്പിക്കുവാൻ പാടില്ല എന്നുകൂടെ വേണ്ടതാണ്. ഇതാണ് സംസ്ഥാന ഗവണ്മെന്റും മറ്റു ബന്ധപ്പെട്ട ആളുകളും കേന്ദ്രഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത്.

<u>ശ്രീ. യു.എസ്. ശശി</u> : ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കിയ ക്ഷേമ പ്രവർത്തനങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : അതു കൃത്യമായി പറയണമെങ്കിൽ മറ്റൊരു ചോദ്യം കൂടി വേണം. ഇപ്പോൾ നടപ്പിൽവരുത്തിയത് അപകടം സംഭവിച്ചാൽ 10,000 രൂപ എന്നത് 25,000 രൂപയാക്കി ഉയർത്തി. 25,000 രൂപ ഇപ്പോൾ 50,000 രൂപയാക്കിയിട്ടുണ്ട്. ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഒരു ലക്ഷം രൂപ ഒരാൾക്ക് ഇൻഷ്വറൻസ് പദ്ധതി പ്രകാരം സഹായം ലഭിക്കും. അങ്ങനെ ഒന്നര ലക്ഷം രൂപ അപകടമരണം സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് കൊടുക്കുന്നുണ്ട്. അപകടമരണം മാത്രമല്ല സ്വാഭാവികമായ മരണമായാലും 5,000 രൂപ വീതം ഒരു മത്സ്യത്തൊഴിലാളിയുടെ കുടുംബത്തിനു കൊടുക്കുന്നുണ്ട്.

<u>ശ്രീ. ജോസ് ബേബി</u> : സർ, കടലിൽ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നു എന്ന റിപ്പോർട്ട് പത്രങ്ങളിൽ കാണുന്നുണ്ട്. പൊതുവേ നമ്മുടെ രാജ്യത്ത് ഡ്യൂപ്പ് വളരെ കൂടുതലായി വരുന്ന കാലമാണ്. ഭക്ഷണ സാധനങ്ങൾക്ക്



LIBRARY ARCHIVES Kerala Legislative Assembly

ഒക്കെ പഴയ ടേസ്റ്റില്ല. കോഴി ഇറച്ചി കഴിച്ചാലും പഴയ ടേസ്റ്റ് കിട്ടുന്നില്ല. അതു പോലെ ഓരോന്നിനും ഇപ്പോൾ വേണ്ടത്ര ടേസ്റ്റ് കിട്ടുന്നില്ല, പഴയ രീതിയിലുള്ള ടേസ്റ്റ് ഇപ്പോൾ മൽസ്യത്തിന് കിട്ടുന്നില്ല എന്നുള്ളത് സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ: കടലിൽ മത്സ്യസമ്പത്ത് കുറഞ്ഞു വരുന്നതിന്റെ ഭാഗമായി ചില ആധുനിക ഏർപ്പാടുകൾ നടക്കുന്നു എന്നു പറയുന്നുണ്ട്. അതു ശരിയാണോ; ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : കടലിൽ മത്സ്യം കുറഞ്ഞുവരുന്നു എന്നുള്ളത് ശരിയാണ്. അതിനു മുഖ്യമായിട്ടുള്ള കാരണങ്ങൾ മുമ്പ് സൂചിപ്പിച്ച കപ്പലുകളുടെ പ്രവർത്തനമാണ്. 5 കിലോമീറ്റർ വ്യാപകാതിർത്തിയിലുള്ള മത്സ്യം മുഴുവൻ വലയിൽ പിടിച്ച് കപ്പലിലാക്കി ഐസ് ഇട്ട് ടിന്നിലാക്കി വിദേശങ്ങളിലേയ്ക്ക് കൊണ്ടുപോകുകയാണ്. നമുക്ക് മത്സ്യം കിട്ടുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് പണി കിട്ടുന്നില്ല. മത്സ്യത്തിന്റെ ഈ കുറവ് പരിഹരിക്കുവാൻ നമുക്ക് സാധ്യമായ ചില കാര്യങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ കടലിൽ വിതരണം ചെയ്ത് അതു വളർന്നുവരാനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്. കടലിൽ അതാത് സ്ഥലങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത് വളർത്തുവാൻ ആവശ്യമായ സൗകര്യമുണ്ടാക്കുവാനുള്ള ചില സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ഇതുപോലെ കായൽ പ്രദേശത്തും കുഞ്ഞുങ്ങളെ ഇട്ടിട്ടുണ്ട്. 65 ലക്ഷം രൂപ മുടക്കി വേമ്പനാടൻ കായലിൽ മത്സ്യം വളർത്തുന്നതിനു ഒരു സ്കീം ഗവേഷകരുടെ സഹായത്തോടുകൂടി ഉണ്ടാക്കി അതു പല ഭാഗങ്ങളിൽ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് നടപ്പാക്കിവരുകയാണ്. ടേസ്റ്റിന്റെ കാര്യം എങ്ങനെയാണെന്ന് എനിക്കു വിശദമായി അറിയുകയില്ല. ടേസ്റ്റ് എല്ലാം ഒരുപോലെ തന്നെയാണ്.

<u>ശ്രീ. ജോസ് ബേബി</u> : ഞാൻ ഒരു സാമൂഹ്യ യാഥാർത്ഥ്യം പറഞ്ഞു എന്നുമാത്രമേയുള്ളൂ. കൊച്ചി കപ്പൽ നിർമ്മാണ കേന്ദ്രത്തിൽ ഇപ്പോൾ എത്ര ബോട്ടുകൾ നിർമ്മിച്ചിട്ടുണ്ട്; എത്ര എണ്ണം ഉപയോഗിക്കുന്നുണ്ട് എന്നുള്ള വിവരം പറയുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : 5 എണ്ണമാണ് നിർമ്മിച്ചിട്ടുള്ളത്. അതിൽ ഒരെണ്ണം ഒഴിച്ച് ബാക്കി 4 എണ്ണം പ്രവർത്തനക്ഷമമാണ്. ഒരെണ്ണം കൊല്ലത്ത് കപ്പൽ നിർമ്മാണ കേന്ദ്രത്തിൽ കേടുപാടുകൾ തീർക്കുവാൻവേണ്ടി ഇട്ടിരിക്കുകയാണ്.

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : കായലിൽ ഇറങ്ങി കക്ക മുങ്ങിത്തപ്പിവാരുന്ന തൊഴിലാളികളെ ഉൾനാടൻ മത്സ്യത്തൊഴിലാളികളാക്കുന്നതിനും അവരുടെ റേഷൻ കാർഡിൽ ഉൾനാടൻ മത്സ്യത്തൊഴിലാളി എന്ന് രേഖപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : അതിനു പ്രത്യേക ചോദ്യം ചോദിച്ചാലേ പറയുവാൻ കഴിയൂ.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, ഇവിടെ ശ്രീ. ജോസ് ബേബി നമ്മുടെ സംസ്ഥാനത്തെ മത്സ്യസമ്പത്തിന്റെ ഉൽപ്പാദനം കുറഞ്ഞതും അതിന്റെ രുചിഭേദങ്ങളെക്കുറിച്ചും സൂചിപ്പിച്ചുകൊണ്ടുള്ള ചോദ്യമാണ് ചോദിച്ചത്. അതുമായി ബന്ധപ്പെട്ട ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മത്സ്യസമ്പത്തിന്റെ ഉൽപ്പാദനം കൂട്ടുന്നതിനായി ആ രംഗത്ത് കൂടുതൽ ഗവേഷണങ്ങൾ നടത്താനും കൂടുതൽ ഉൽപ്പാദനം നടത്തുന്നതിനും നമ്മുടെ കാലാവസ്ഥയ്ക്കനുയോജ്യമായ രൂപത്തിൽ വർദ്ധിപ്പിച്ചെടുക്കുവാൻ കഴിയുന്നവിധ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ മത്സ്യരംഗത്ത് പല ഗവേഷണങ്ങളും നമുക്ക് നടത്താൻ കഴിയുന്നതാണ്. നമ്മുടെ ഫിഷറീസ് കോളേജിൽ തന്നെ വേണമെങ്കിൽ ഗവേഷണത്തിനുള്ള സാഹചര്യവുമുണ്ടാക്കാവുന്നതാണ്. നമ്മുടെ ഫിഷറീസ് കോളേജിൽ പഠിച്ച് ബിരുദമെടുത്ത് പുറത്തുവരുന്ന വിദ്യാർത്ഥികളുടെ യോഗ്യതയും സാങ്കേതിക പരിജ്ഞാനവും പ്രയോജനപ്പെടുത്തുന്നതിന് നമുക്ക് കഴിയുന്നില്ല. പനങ്ങാട്ടുള്ള ഫിഷറീസ് കോളേജുമായി ബന്ധപ്പെട്ട ചോദ്യമാണ് എനിക്ക് ചോദിക്കാനുള്ളത്. പനങ്ങാട്ടെ ഫിഷറീസ് കോളേജിൽ പഠിച്ച് അവിടെനിന്നും ബിരുദമെടുത്ത് പുറത്തുവരുന്ന കുട്ടികൾക്ക് യാതൊരുവിധത്തിലുമുള്ള ജോലി സാദ്ധ്യതയോ സംവരണമോ അവർ പഠിച്ചതിന് അനുസൃതമായ വിധത്തിലുള്ള ജോലി അവർക്ക് ലഭിക്കുന്നതിനുവേണ്ട സൗകര്യമോ ഇന്ന് നിലവിലില്ല. പി.എസ്.സി. അതിനു അനുസൃതമായ ചട്ടങ്ങളും ഉണ്ടാക്കിയിട്ടില്ലായെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ഫിഷറീസ് കോളേജിൽ നിന്നും പുറത്തുവരുന്ന വിദ്യാർത്ഥികളുടെ കാര്യം പരിഗണിച്ചുകൊണ്ട് അവിടെ നിന്നും ബിരുദമെടുത്ത് പുറത്തുവരുന്ന കുട്ടികളുടെ ബിരുദത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ചട്ടങ്ങളുണ്ടാക്കുന്നതിനുവേണ്ട നടപടിയെടുക്കാൻ ഗവണ്മെന്റ് ശ്രമിക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : സർ, ഇവിടെ മെമ്പർ രണ്ടുചോദ്യങ്ങളാണ് ചോദിച്ചിരിക്കുന്നത്. അതിലൊന്ന് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ട ഗവേഷണങ്ങൾ വിപുലപ്പെടുത്തുന്നതിനെക്കുറിച്ചാണ്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ ഗവണ്മെന്റ് നടത്തുന്നുണ്ട്. ഗവേഷണം ആ രംഗത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ഈ ലക്ഷ്യം വച്ചുകൊണ്ട് വളരെ വിദഗ്ദ്ധന്മാരായിട്ടുള്ള ആളുകളെ - മുമ്പ് ഗവേഷണരംഗത്ത് ജോലിയുണ്ടായിരുന്നവരും റിട്ടയർ ചെയ്തവരെയുമൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു റിസോഴ്സ് മാനേജ്മെന്റ് കമ്മിറ്റി ഉണ്ടാക്കി എറണാകുളം കേന്ദ്രമാക്കി അത് പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. അവരുടെ പരിഗണനയിലുള്ള ഒരു കാര്യമാണ് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയെന്നുള്ളത്. അവരുടെ റിപ്പോർട്ട് കിട്ടിയാൽ അത് പരിഗണിക്കുകയും അത് പ്രാവർത്തികമാക്കാൻ ഗവണ്മെന്റ് ശ്രദ്ധിക്കുന്നതുമാണ്. പിന്നെ മറ്റൊരു കാര്യം മെമ്പർ സൂചിപ്പിച്ചത് ഫിഷറീസ് കോളേജിൽ പഠിച്ച് ബിരുദമെടുത്ത് പുറത്തുവരുന്ന കുട്ടികൾക്ക് അവർക്കർഹമായ ജോലി സാദ്ധ്യതയുണ്ടാക്കി കൊടുക്കുന്നതിനുവേണ്ട ചട്ടങ്ങൾ ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ചാണ്. ഫിഷറീസ് കോളേജിൽ പഠിക്കുന്ന കുട്ടികൾക്ക് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ട് പ്രാവശ്യം ജോലി സാധ്യത വർദ്ധിപ്പിച്ചുകൊടുക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. നമ്മുടെ ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യം വളർത്താനുള്ള ജനകീയമത്സ്യക്കൃഷിയുടെ ഭാഗമായും 50 പേരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ പുതുതായി എടുത്ത് അവർ ഇപ്പോൾ അവിടെ ജോലി ചെയ്തുവരികയാണ്. ഇക്കാര്യം ഈ നിയമസഭയിൽ ഞാൻ മുൻപൊരിക്കൽ പറഞ്ഞിരുന്നതാണ്. അതുപോലെ പുതിയതായി പത്തറുപത്തിരണ്ടുപേരെ എടുക്കാൻ വേണ്ടി തീരുമാനിച്ചിട്ടുണ്ട്. അതും അതിന്റെ ഭാഗമായി ആ വിഭാഗം ആളുകൾക്ക് ജോലി സാദ്ധ്യതയുണ്ടാക്കിയിട്ടുണ്ട്. അവർക്കിപ്പോൾ ജോലി സാദ്ധ്യതയുണ്ടെന്നത് വസ്തുതയാണ്.

<u>മി. സ്പീക്കർ</u> : അതല്ല, മെമ്പർ ഉദ്ദേശിക്കുന്നത്, ഫിഷറീസ് കോളേജിൽ പഠിച്ച് ബിരുദമെടുത്ത് പുറത്തുവരുന്ന കുട്ടികൾക്ക് നൽകുന്ന സർട്ടിഫി

LIBRARY ARCHIVES Kerala Legislative Assembly

ക്കറ്റിന് പി.എസ്.സി.യുടെ അംഗീകാരം ലഭിക്കുമോ, അതിനുവേണ്ട ചട്ടങ്ങളുണ്ടാക്കാൻ പി.എസ്.സി.ക്ക് ഗവണ്മെന്റ് നിർദ്ദേശം കൊടുക്കുമോയെന്നാണ് ചോദ്യം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : അത് അംഗീകാരം കൊടുക്കാൻവേണ്ടി എഴുതി, അനുവാദത്തോടുകൂടിയാണ് ഇപ്പോൾ ഈ നടപടി എടുത്തിട്ടുള്ളത്. അവർക്ക് നൽകുന്ന സർട്ടിഫിക്കറ്റ് പി.എസ്.സി. അംഗീകരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. അതിനുവേണ്ടി ഗവണ്മെന്റ് പി.എസ്.സി.ക്ക് എഴുതിയിട്ടുണ്ട്. അതിന് ആവശ്യപ്പെട്ടിട്ടുമുണ്ട്. അവരുടെ ഡിഗ്രി പി.എസ്.സി. ക്ക് എഴുതിയിട്ടുണ്ട്. അതിന് ആവശ്യപ്പെട്ടിട്ടുമുണ്ട്. അവരുടെ ഡിഗ്രി പി.എസ്.സി. അംഗീകരിക്കുകതന്നെ ചെയ്യും.

ശ്രീ. പാലോട് രവി : സർ, ഉൾനാടൻ മത്സ്യസമ്പത്തിന്റെ വികസനത്തിനുവേണ്ടി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടുകൂടി കേന്ദ്രഗവണ്മെന്റ് കോടിക്കണക്കിനുരൂപ അനുവദിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട നെടുമങ്ങാട്ടെ ഇരിഞ്ചയം കേന്ദ്രമാക്കി നെടുമങ്ങാട് മുനിസിപ്പൽ അതിർത്തിയിൽ മുനിസിപ്പൽ മാർക്കറ്റ് കേന്ദ്രമാക്കി നാൽപ്പതു, നാൽപ്പത്തിയെട്ടുലക്ഷം രൂപയുടെ ചെലവു വരുന്ന ഒരു സ്കീം നാലുവർഷങ്ങൾക്കു മുമ്പ് തുടങ്ങിയതാണ്. ഇതിനാവശ്യമുള്ള പണവും അവർ ഏൽപ്പിച്ചുകഴിഞ്ഞു. പക്ഷേ ഇതുവരെയും ആ പദ്ധതി പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പദ്ധതി പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : എന്താണതിന്റെ സ്ഥിതിയെന്ന് അന്വേഷിച്ചിട്ട് അതിനുള്ള മറുപടി പറയാം. അതുപോലെതന്നെ നമ്മുടെ കോർപ്പറേഷൻ ഇതുസംബന്ധമായ ചില നടപടികളെടുത്തിട്ടുണ്ട്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സഹകരണമേഖലയിലെ മത്സ്യബന്ധനത്തിന് ഏറെ സഹായിക്കുന്ന ഒരു സ്കീമാണ് മുതലപ്പൊഴി ഒരു അഴിയാക്കി മാറ്റുകയെന്നത്. ഇത് ഏറെ നാളുകളായിട്ടുള്ള ഒരാവശ്യമാണ്. ഇതു സംബന്ധിച്ച് ദീർഘനാളുകളായിട്ട് പരിപാടികൾ നടക്കുന്നുണ്ടെങ്കിലും ആ പരിപാടി നടപ്പാക്കി എടുത്തിട്ടില്ല. മുതലപ്പൊഴി അഴിയാക്കിമാറ്റണമെന്ന ആവശ്യം നിരന്തരമായി മത്സ്യത്തൊഴിലാളികളും അവരുടെ സംഘടനകളും ഉന്നയിച്ചിട്ടുള്ളതാണ്. അവർ ഈ ആവശ്യമുന്നയിച്ചുകൊണ്ട് സമരംവരെ നടത്തിയിട്ടുള്ളതാണ്. അതിന്റെ ഇന്നത്തെ പൊസിഷൻ എന്താണ്; അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ഒന്നു വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, ഇതു സംബന്ധിച്ച് ഇതിനുമുമ്പുതന്നെ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച സബ്മിഷന് ഞാൻ മറുപടി പറഞ്ഞിട്ടുള്ളതാണ്. അത് സംബന്ധമായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ വേണ്ട നടപടികൾ.... അതിന് കേന്ദ്രഗവണ്മെന്റിന്റെ സഹായം മുമ്പ് തന്നിരുന്നു. എന്നാൽ ആ സഹായം നിർത്തി. എന്നാലും അതിനാവശ്യമായിട്ടുള്ള നടപടികൾക്കുവേണ്ടി ഒരു പ്രിലിമിനറി റിപ്പോർട്ട് തയ്യാറാക്കാൻ റിസർച്ച് സെന്ററിനോടാവശ്യപ്പെട്ടിട്ടുണ്ട്. അവർ ആ നടപടി എടുത്തുവരികയാണ്. അത് പൂർത്തിയായിക്കഴിഞ്ഞാൽ അവിടെ ഒരു ഫിഷറീസ് യൂണിറ്റ് .... അതായത് ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള നടപടി തീർച്ചയായും ഗവണ്മെന്റ് എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ഇതു സംബന്ധിച്ച് ഒരാശങ്കയുണ്ടാക്കിയിരിക്കുകയാണ്. ധനകാര്യമന്ത്രി ഈ സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിനുള്ള മറുപടിയിൽ ബഡ്ജറ്റ് പ്രസംഗത്തിന്റെ സമാപനവേളയിൽ മുതലപ്പൊഴിയിൽ ഈ വർഷം തന്നെ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ എത്രത്തോളമായി: അതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പറയുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : അതാണ് ഞാൻ പറഞ്ഞത്, അതിനു വേണ്ട നടപടികൾ എടുത്തുവരികയാണെന്ന്. അതുസംബന്ധിച്ച് ഒരു മോഡൽ സ്റ്റഡി നടത്തി അതിന്റെയൊരു റിപ്പോർട്ട് ആദ്യം തയ്യാറാക്കണം. എന്നിട്ട് കേന്ദ്രഗവണ്മെന്റിന് അയച്ചുകൊടുത്ത് അവരെക്കൊണ്ട് അത് അംഗീകരിപ്പിക്കാനാവശ്യമായിട്ടുള്ള ശ്രമം നടത്തിവരികയാണെന്നാണ് ഞാൻ പറഞ്ഞത്. അപ്പോൾ കേന്ദ്രഗവണ്മെന്റിനെക്കൊണ്ട് അത് അംഗീകരിപ്പിച്ച് കേന്ദ്രഗവണ്മെന്റിൽ നിന്നും ആ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായിട്ടുള്ള തുകയുടെ പകുതിഭാഗം നമുക്ക് കിട്ടണം. പകുതി പണം നമ്മളും ചെലവാക്കണം. പക്ഷേ കേന്ദ്രത്തിൽനിന്നും പദ്ധതിക്ക് അംഗീകാരം കിട്ടിയശേഷം അവർ തരാനുള്ള പണത്തിന്റെ പകുതിഭാഗം കിട്ടിയശേഷം നമ്മൾ ചെലവാക്കേണ്ട പണത്തിന്റെ പകുതി കൂടി ഉൾപ്പെടുത്താനുള്ള നടപടി ഇപ്പോൾ എടുത്തിട്ടുണ്ടെന്നാണ് അദ്ദേഹം അന്ന് മറുപടിയിൽ പറഞ്ഞത്. അതിനുവേണ്ട നടപടികളെടുത്തുവരികയാണെന്നുള്ളത് ശരിയാണ്. അത് പരസ്പരവിരുദ്ധമല്ല.

ശ്രീ. സത്യൻ മൊകേരി : സർ, ഉൾനാടൻ മത്സ്യമേഖലയിലും കടലിലും സ്ഫോടകവസ്തുക്കളുപയോഗിച്ചുകൊണ്ട് മത്സ്യം പിടിക്കുന്ന ഏർപ്പാട് ഇന്ന് വളരെവ്യാപകമായ നിലയിൽ ഉൾനാടൻ മത്സ്യമേഖലയിലും മറ്റും നിലനിൽക്കുകയാണ്. ഉൾനാടൻ ജലാശയങ്ങളിൽ തോട്ട പൊട്ടിച്ച് മത്സ്യം പിടിക്കുക എന്നത് പതിവായ സംഭവമാണ്. അതുകൊണ്ട് സ്പോടകവസ്തുക്കളുപയോഗിച്ച് മത്സ്യം പിടിക്കുന്ന രീതിയെ വളരെ ഗൗരവമായിട്ടുള്ള ഒരു വിഷയമായിട്ട് കണ്ടുകൊണ്ട് അത് തടയുന്നതിനുവേണ്ട അടിയന്തിരനടപടികൾ സ്വീകരിക്കുമോ; കർശനമായിട്ടുള്ള നടപടി ഇക്കാര്യത്തിൽ ഗവണ്മെന്റ് കൈക്കൊള്ളുമോ;

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, ഇക്കാര്യത്തിൽ ഇപ്പോൾ തയ്യാറാക്കി വരുന്ന നിയമം ഏകീകരണത്തിന്റെ ഉദ്ദേശ്യങ്ങളിൽ ഇതുംപെടും. സ്പോടകവസ്തുക്കൾ അതുപോലെതന്നെ ഇലക്ട്രിസിറ്റി ഉപയോഗിച്ചുകൊണ്ടുള്ള മീൻപിടുത്തം, തോട്ട പൊട്ടിച്ചുകൊണ്ടുള്ള സ്പോടകവസ്തുകളുപയോഗിച്ചുകൊണ്ടുള്ള മീൻപിടുത്തത്തിൽ ഇതുംപെടും. ഇതിനെയെല്ലാം പരിപൂർണ്ണമായും നിരോധിക്കാനുള്ള നിയമം നമുക്കിവിടെ നിലവിലില്ല. അത് ഉണ്ടാക്കുന്നതിനുവേണ്ടിയാണ് നടപടികളെടുത്തിട്ടുള്ളത്. അതിനുവേണ്ട നിയമനിർമ്മാണനടപടികൾ മിക്കവാറും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ഫൈനാൻഷ്യൽ മെമ്മോറാണ്ടംകൂടി ശരിയാക്കിക്കിട്ടിയാൽ ഇത് നിരോധിക്കാനുള്ള നടപടികളെടുക്കാൻ കഴിയും.